**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3415** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യൂ കുഴൽനാടൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക കുടുംബങ്ങളിൽ കാർഷിക വൃത്തിയിൽ നിന്ന് മാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതിന്റെ കാരണമെന്താണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കേരളത്തിലെ കർഷക കുടുംബങ്ങളിൽ കാർഷിക വൃത്തിയിൽ നിന്ന് മാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ കുറവാണ്. എന്നാൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ 2019 ലെ കണക്കുകൾ പ്രകാരം കേരളത്തിലെ ജനങ്ങളുടെ പ്രതിമാസ വരുമാനം ദേശീയ പ്രതിമാസ വരുമാനം കണക്കിലെടുക്കുമ്പോൾ ഏഴാം സ്ഥാനത്താണ് നിൽക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൃഷി ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുടെ ശതമാനം കേരളത്തിൽ കുറവായതിന്റെ പ്രധാന കാരണം കേരളത്തിലെ സാമൂഹിക സ്ഥിതിവിശേഷമാണ്. മേൽ പറഞ്ഞ സർവ്വേ പ്രകാരം കേരളത്തിൽ മറ്റ് ഉപജീവന മാർഗ്ഗങ്ങളിലൂടെ വരുമാനം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. നമ്മുടെ സംസ്ഥാനത്തു സേവന മേഖല വളരെ ശക്തമാണ്. ഉയർന്ന വിദ്യാഭ്യാസ നിരക്ക് കാരണം കാർഷികേതര ജോലികളിൽ ഏർപ്പെടുന്നവരുടെ എണ്ണം കൂടുതലാണ്. കൂടാതെ വിദേശത്തു ജോലി നോക്കുന്ന ജനതയുടെ ശതമാനവും കൂടുതലാണ് (ഇന്ത്യൻ ജേർണൽ ഓഫ് ലേബർ എക്കൊണോമിക്സ് ഒക്ടോബർ 2020). കൂടാതെ കുറഞ്ഞ ആളോഹരിയും ഭൂവിസ്തൃതിയും, ഉയർന്ന കൂലി ചെലവും കൃഷിപ്പണിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ ദൗർലഭ്യതയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. മേൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് സംസ്ഥാനത്തു |

| | | | |
|---|---|---|---|
| | | | കർഷക കുടുംബങ്ങളിൽ കാർഷികവൃത്തിയിൽ നിന്ന് മാത്രം മുഖ്യ ഉപജീവനം കണ്ടെത്തുന്ന കുടുംബങ്ങളുടെ ശതമാനം ദേശീയ ശരാശരിയേക്കാൾ കുറവാണെന്ന് വിലയിരുത്തുന്നു. |
| (സി) | കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും ഭക്ഷ്യ സുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | കാർഷികവൃത്തി ആകർഷകമായ വരുമാന മാർഗ്ഗമാക്കി മാറ്റി നമ്മുടെ സമ്പദ് വ്യവസ്ഥയുടെയും ഭക്ഷ്യ സുരക്ഷയുടെയും മുഖ്യ ഘടകമാക്കി മാറ്റുന്നതിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടിയും ഉല്പാദനം, ഉല്പാദനക്ഷമത എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. ഭക്ഷ്യവിളയായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കു പുറമെ സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ മുതലായവയുടെ കൃഷി നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുന്നതിനും, ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിള കൃഷി, സമ്മിശ്രകൃഷി എന്നിവ നടത്തി യൂണിറ്റ് വിസ്തീർണ്ണത്തിൽ പരമാവധി ആദായം വർദ്ധിപ്പിക്കുന്നതിന് സമഗ്രവികസന പദ്ധതിയായ കേരഗ്രാമം പദ്ധതി, ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി തുടങ്ങിയവ നടപ്പിലാക്കി വരുന്നു. കോക്കനട്ട് കൗൺസിൽ രൂപീകരിച്ചു തെങ്ങിന്റെ സമഗ്രവികസനം നടപ്പിലാക്കുന്നതിനും വിസ്തൃതി വ്യാപനത്തിനുമുള്ള സംരംഭങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ പരമ്പരാഗത ഇനങ്ങളും നാടൻ ഇനങ്ങളും സംരക്ഷിക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കാർഷിക പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സാദ്ധ്യമാക്കുന്നതിന് കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നു. കർഷകർ ഉല്പ്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വിപണനത്തിനുമുള്ള സഹായങ്ങൾ നൽകുന്നതിനാവശ്യമായ പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നു. കാർഷിക മേഖലയിൽ തരിശു നില കൃഷി, പച്ചക്കറികൃഷിയിൽ മഴ മറകളുടെ പ്രോത്സാഹനം, സംയോജിത കൃഷി |

| | | | |
|---|---|---|---|
| | | | സംവിധാനങ്ങളുടെ (ജൈവഗൃഹം) പ്രോൽസാഹനം, ഒരു കോടി ഫല വൃക്ഷതൈകൾ നട്ടുവളർത്തൽ, വായ്പാ സൗകര്യം ലഭ്യമാക്കൽ എന്നിവ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി. സൂക്ഷ്മമായ ആസൂത്രണത്തിലൂടെയും ചിട്ടയായ പ്രവർത്തനത്തിലൂടെയും 2025 വർഷത്തോടെ കർഷകരുടെ വരുമാനം 50 ശതമാനം വർദ്ധിപ്പിക്കാൻ നിലവിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനം പ്രാപ്തമാണ്. ആയതിനു വേണ്ടിയുള്ള പദ്ധതി രൂപീകരണ പ്രവർത്തനങ്ങളും ചർച്ചകളും പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ